(ബി) ഇതനുസരിച്ച് സംസ്ഥാന സഹകരണ ബാങ്ക് എത്ര തുകയ്ക്കുള്ള വിദ്യാഭ്യാസ വായ്പ ഈടുകൂടാതെ ഇതുവരെ നൽകിയിട്ടുണ്ട്;

(സി) സംസ്ഥാന സഹകരണ ബാങ്കും അതിന്റെ ശാഖകളും ഈടുകൂടാതെ വിദ്യാഭ്യാസ വായ്പ കൊടുക്കുന്ന ഏർപ്പാട് നിർത്തിവച്ചിരിക്കുകയാണോ;

(ഡി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഈട് കൂടാതെ വിദ്യാഭ്യാസ വായ്പകൾ നൽകുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും നിർദ്ദേശം നൽകിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) വിദ്യാഭ്യാസ വായ്പ കൊടുക്കുന്ന പദ്ധതി ബാങ്ക് നിർത്തിവച്ചിട്ടില്ല. എന്നാൽ ഇടുക്കി ശാഖയിൽ വിദ്യാഭ്യാസ വായ്പ കൊടുക്കുന്നത് തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്.

(ഡി) അദ്ധ്യയന വർഷത്തിന്റെ അവസാനം ആയതുകൊണ്ട് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

പുറമ്പോക്കു ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം

*24 [379] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറമ്പോക്ക് ഭൂമികളിൽ താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം തരത്തിലുള്ള പുറമ്പോക്കുകളിലെ താമസക്കാർക്കാണ് പട്ടയം കൊടുക്കുവാൻ ഉദ്ദേശിക്കുന്നത്?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) അംഗീകൃത ഭൂമി പതിവ് ലിസ്റ്റിൽ ഉൾപ്പെട്ട പുറമ്പോക്ക് ഭൂമികളിൽ താമസിക്കുന്നവർക്ക് നിലവിലുള്ള ഭൂമി പതിവ് ചട്ടങ്ങളിലെ നിബന്ധനകൾക്ക് വിധേയമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly